# സന്താന നിയന്ത്രണം

ഗ്രന്ഥകർത്താവ്: മുഹമ്മദ്ബ്നു ജമീൽ സൈനു
ഗ്രന്ഥം: كيف نربي أولادنا وما هو واجب الآباء والأبناء
വിവർത്തനം: സയ്യിദ് സഅ്ഫർ സ്വാദിഖ്

അല്ലാഹു പറയുന്നു:

(الْمالُ والْبنونَ زِينةُ الْحياة الدنيا) (الكهف:46)

"സ്വത്തും സന്താനങ്ങളും ഐഹിക ജീവിതത്തിൻെറ അലങ്കാരമാകുന്നു" (കഅ്ഫ്:46)

സന്താനങ്ങളും, സമ്പത്തും ദൈവിക ദാനമാണ്, അത് ലഭിക്കുവാനും, സമ്പാദിക്കുവാനുമായി മനുഷ്യൻ പ്രകൃത്യാ തന്നെ പരിശ്രമിക്കുന്നതാണ്. എന്നാൽ മനുഷ്യരിൽ നിന്ന് തന്നെയുള്ള ചില പിശാചുക്കൾ നിങ്ങൾ സന്താന നിയന്ത്രണം നടത്തണമെന്ന് പറഞ്ഞ് വാസ്വാസുണ്ടാക്കുന്നു. എന്നാൽ അവർ സമ്പത്തിനെ നിങ്ങൾ നിയന്ത്രിക്കണമെന്ന് പറയുന്നില്ല. സന്താനവും, സമ്പത്തും നമുക്ക് ഇഹലോകത്തും, പരലോകത്തും ഉപകാരപ്പെടുന്ന കാര്യങ്ങളാണ്. കാരണം പ്രവാചക തിരുമേനി(ﷺ) പറയുന്നു:

( إذَا مات الإِنسانُ انقَطَع عملُه إلا من ثلاَث صدقَةٌ جارِيةٌ وعلْم ينتفَع بِه وولَد صالح يدعو لَه ) (مسلم)

"മനുഷ്യൻ മരിച്ച് കഴിഞ്ഞാൽ അവൻെറ പ്രവർത്തനങ്ങൾ മുറിഞ്ഞ് പോയി മൂന്ന് കാരങ്ങളൊഴിച്ച്, മുറിഞ്ഞ്പോവാത്ത ദാനധർമ്മങ്ങൾ, ഉപകാരപ്പെടുന്ന വിജ്ഞാനം, അവന് വേണ്ടി പ്രാർത്ഥിക്കുന്ന സദ്‌വൃത്തരായ സന്താനം" (മുസ്‌ലിം)

കൂടുതൽ സന്താനങ്ങളുണ്ടാകുന്നതിനെ ഇസ്‌ലാം പ്രോൽസാഹിപ്പിക്കുന്നു. മാത്രമല്ല, ധാരാളം പ്രസവിക്കുന്ന സ്ത്രീയെ വിവാഹം കഴിക്കുവാനും നിർദ്ദേശിക്കുന്നു. പ്രവാചകതിരുമേനി(ﷺ) പറയുന്നു:

(تزوجوا الْودود الْولُود إِني مكَاثر الأَنبِياءَ يوم الْقيامة ) (أحمد صحيح)

"നിങ്ങൾ കൂടുതൽ സ്നേഹിക്കുകയും, കൂടുതൽ പ്രസവിക്കുകയും ചെയ്യുന്ന സ്ത്രീകളെ വിവാഹം ചെയ്യുക, അവസാന നാളിൽ പ്രവാചകന്മാരിൽ ഏറ്റവും കൂടുതൽ അ നുയായികളുള്ളവൻ ഞാനായിരിക്കും" (അഹ്മദ്).

ഗർഭാസ്ഥശിശുവിനോ, മാതാവിനോ ബുദ്ധിമുട്ടുണ്ടാകുമെന്ന് വിശ്വസ്ഥനായ ഒരു ഡോക്ടർ പറഞ്ഞാലല്ലാതെ ഇസ്‌ലാം ഒരിക്കലും സന്താനനിയന്ത്രണം അനുവദിക്കുന്നില്ല. ദാരിദ്ര്യം ഭയന്ന്

കൊണ്ടോ, സമ്പത്തിന് കുറവ് വരുമെന്ന ഭയത്താലോ, ഉപജീവനം നൽകേണ്ടിവരുമെന്ന പേടിയാലോ സന്താന നിയന്ത്രണം നടത്തുവാൻ പാടില്ല. അല്ലാഹു പറയുന്നു:

(الشيطَانُ يعدكُم الْفَقْر ويأْمركُم بِالْفَحشاءِ والله يعدكُم مغفرةً منه وفَضلاً والله واسع عليم) (البقرة: 268)

"പിശാച് ദാരിദ്ര്യത്തെപ്പറ്റി നിങ്ങളെ പേടിപ്പെടുത്തുകയും, നീചവൃത്തികൾക്ക് നിങ്ങളെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. അല്ലാഹുവാകട്ടെ അവന്റെ പക്കൽനിന്നുള്ള മാപ്പും അനുഗ്രഹവും നിങ്ങൾക്ക് വാഗ്ദാനം ചെയ്യുന്നു. അല്ലാഹു വിപുലമായ കഴിവുകളുള്ളവനും (എല്ലാം) അറിയുന്നവനുമാകുന്നു" (അൽബഖറ:268)